25 years

Kandanad

Diocesan

# BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OFTHE MALANKARA ORTHODOX SYRIAN CHURCH

Vol. 4 No. 2, 15 February 2016

എഡിറ്റോറിയൽ

## പണവും അതിന്റെ മൂല്യവും

ഒരു ദിവസം യേശു യരുശലേം ദേവാലയത്തിലെ ശ്രീഭണ്ഡാരത്തിനു നേരെയിരുന്ന് ജനം കാണിക്കയിടുന്നത് ശ്രദ്ധിക്കുകയായിരുന്നു. ധനികരായ പലരും പൊൻ വെള്ളി നാണയങ്ങൾ വഴിപാടിട്ടു മടങ്ങുന്നത് അദ്ദേഹം കണ്ടു. അതിനിടയിൽ ദരിദ്രയായ ഒരു വിധവ വന്ന് രണ്ടു ചെമ്പുകാശുകൾ ശ്രീഭണ്ഡാരത്തിൽ നിക്ഷേപിച്ച് വണങ്ങിപ്പോകുന്നത് അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. യേശു തന്റെ ശിഷ്യന്മാരെ വിളിച്ച് ഇപ്രകാരം അറിയിച്ചു. "ശ്രീഭണ്ഡാരത്തിൽ വഴിപാട് സമർപ്പിച്ചവരിൽ ഏറ്റവുമധികം നൽകിയത് ഈ ദരിദ്രയായ വിധവയാണ് എന്ന് ഞാൻ സത്യമായും നിങ്ങളോടു പറയുന്നു. മറ്റുള്ളവരൊക്കെ തങ്ങളുടെ സമൃദ്ധിയിൽ നിന്ന് വഴിപാടുകൾ നൽകി. എന്നാൽ ഇവളോ തന്റെ ഇല്ലായ്മയിൽ നിന്ന് തനിക്കുള്ളതൊക്കെയും-തന്റെ ഉപജീവനം മുഴുവനും കാണിക്കയായി നൽകിയിരിക്കുന്നു." വി. മർക്കോ. 12:41-44 ലും ലൂക്കോ. 21:1-4 ലും ഈ സംഭവം വിവരിക്കുന്നു.

പണത്തെക്കുറിച്ചുള്ള യേശുവിന്റെ ഈ വിലയിരുത്തൽ മൂന്നു കാര്യങ്ങൾ വ്യക്തമാക്കുന്നു. (1) എല്ലാവരുടേയും പണത്തിന് ഒരേ മൂല്യമല്ല. (2) അതിന്റെ സമ്പാദനരീതിയാണ് മൂല്യത്തിനടിസ്ഥാനം. (3) അത് ചെലവഴിക്കുന്ന രീതിയും മനോഭാവവും അതിന്റെ മൂല്യത്തെ ബാധിക്കുന്നു.

ധനികർ പൊൻ വെള്ളി നാണയങ്ങൾ കാണിക്കയിട്ടപ്പോൾ ദരിദ്രയായ ആ വിധവ നൽകിയത് രണ്ടു ചില്ലിക്കാശുകളാണ്. എന്നാൽ യേശുവിന്റെ ദൃഷ്ടിയിൽ അവ പണക്കാരുടെ പൊൻ വെള്ളി നാണയങ്ങളേക്കാൾ വിലയേറിയവയാണ്. അങ്ങനെയെങ്കിൽ എല്ലാവരുടേയും പണത്തിന് ഒരേ വിലയല്ല കല്പിക്കേണ്ടത്. പാവപ്പെട്ടവരുടെ പണത്തിന് വില കൂടുതലും ധനികരുടേതിന് വില കുറവുമാണ്. എന്തായിരിക്കാം അതിനു കാരണം? ധനം സമ്പാദിക്കുന്നതിലുള്ള അദ്ധ്വാനവും ക്ലേശവുമാണ് യഥാർത്ഥത്തിൽ അതിന്റെ മൂല്യം നിർണ്ണയിക്കുന്നത്. ഒരു പിച്ചക്കാരൻ നാടെങ്ങും തെണ്ടിനടന്ന് പുലഭ്യങ്ങളും കുത്തുവാക്കുകളും സഹിച്ച് ചില്ലിക്കാശുകൾ സമ്പാദിക്കുന്നു. ഒരു കൃഷിക്കാരൻ പകലന്തിയോളം മണ്ണിൽ വിയർപ്പൊഴുക്കി ഉപജീവനം കാണുന്നു. ഒരു ഉദ്യോഗസ്ഥൻ ഓഫീസിൽ ജോലി ചെയ്ത് ശമ്പളം വാങ്ങുന്നു. ഒരു വ്യാപാരി സാധനങ്ങൾ ക്രയവിക്രയം നടത്തി ലാഭമുണ്ടാക്കുന്നു. ഭരണക്കാർ കമ്മീഷൻ വാങ്ങി ധനം വാരിക്കൂട്ടുന്നു. ഇവരെല്ലാം നേടുന്ന പണത്തിന് ഒരേ മൂല്യം കല്പിക്കുന്നത് ശരിയല്ല എന്ന ധാർമ്മിക കാഴ്ചപ്പാടാണ് ക്രിസ്തു ഇവിടെ സൂചിപ്പിക്കുന്നത്. പണം എന്നത് എപ്പോഴും കൈമാറ്റം ചെയ്യപ്പെടുന്ന വസ്തുവാണെന്നും അത് ആരുടെ കൈവശത്തിലിരിക്കുന്നോ അയാളുടെ സാമ്പത്തിക നിലയ്ക്കനുസരിച്ച് അതിന് വില കല്പിക്കുന്നത് പ്രായോഗികമല്ല എന്നും അറിയാതെയല്ല യേശു ഈ പ്രസ്താവന ചെയ്യുന്നത്. എന്നാൽ യഥാർത്ഥ സമ്പാദകനിൽ അതിന്റെ മൂല്യം വ്യത്യസ്തമാണെന്നത് സത്യമാണ്. ഒരാൾ കൂലിപ്പണിയെടുത്തുണ്ടാക്കുന്ന പണവും മറ്റൊരാൾക്ക് ലോട്ടറിയടിച്ചു കിട്ടുന്ന പണവും മൂന്നാമന് പൈതൃകമായി ലഭിക്കുന്ന പണവും വാസ്തവത്തിൽ ഒരേ വിലയുള്ളതല്ലല്ലോ. ഈ അന്തരം നമ്മുടെ വ്യാവഹാരിക ജീവിതത്തിൽ കണക്കിലെടുക്കുന്നുണ്ടോ എന്നതാണ് നിർദ്ധനയായ ആ വിധവയുടെ വഴിപാടിലൂടെ ക്രിസ്തു നമ്മെ ഓർമ്മപ്പെടുത്തുന്ന കാര്യം. ഈ പരിപ്രേക്ഷ്യത്തിൽ നാം വലിയവരായി കാണുന്ന പലരും വളരെ ചെറിയവരും ചെറിയവനായി കാണുന്ന പലരും വളരെ വലിയവരുമാണ്. മനുഷ്യരുടെ മഹത്വം വിലയിരുത്തി അവരെ ആദരിക്കുവാൻ നാം പഠിക്കണമെന്ന പാഠം ഈ പാവപ്പെട്ട വിധവയെ ഉയർത്തിക്കാട്ടി യേശു നമുക്ക് പറഞ്ഞുതരുന്നു. പാവപ്പെട്ടവരും അദ്ധ്വാനികളും സ്വാശ്രയരുമായ മനുഷ്യർ ഏതെങ്കിലുമൊക്കെ ആവശ്യങ്ങൾക്കായി വ്യക്തികളേയും സ്ഥാപനങ്ങളേയും

## EDITORIAL BOARD

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editors*
**Fr. Kochuparambil Geevarghese Ramban**
**Fr. Aby Ulahannan**

*Technical Adviser*
**Mr. George Paul**

*Members*
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.kandanadeast.org

## ഉള്ളടക്കം

പേജ്

എഡിറ്റോറിയൽ
**പണവും അതിന്റെ മൂല്യവും** ..................... 1

**വ്യക്തമായ കാർഷിക നയം രൂപപ്പെടണം** ................................................. 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**ഒരു അനുവാചകന്റെ ആസ്വാദനക്കുറിപ്പ്**........ 7
എം. സൈമൺ

**അനുഭവങ്ങൾ,വീക്ഷണങ്ങൾ, വിശദീകരണങ്ങൾ** ........................................ 9
ഫാ. എബ്രാഹാം കാരാമ്മേൽ

AN ORTHODOX CHRISTIAN APPROACH TO HEALING THE POST TRAUMATIC SPIRITUAL DISORDER OF CONTEMPORARY HUMANITY......................................11
Rev. Dn. Stephen Muse, PhD, LMFT, CCMHC, BCETS

**വാർത്തകൾ, അറിയിപ്പുകൾ** .............. 15-16

സംഘടനകളേയുമൊക്കെ സമീപിച്ചാൽ അവരുടെ ചില്ലിക്കാശുകൾ പണക്കാരുടെ ആയിരം രൂപാ നോട്ടുകളേക്കാൾ വിലയുള്ളതെന്നുകണ്ട് അവരെ പരിഗണിക്കണം എന്ന വിപ്ലവകരമായ ആശയമാണ് യേശു ഇവിടെ അവതരിപ്പിക്കുന്നത്.

എന്നാൽ സമൂഹവും സഭയും ഈ സന്ദേശം വേണ്ടത്ര ഉൾക്കൊള്ളുന്നതായി തോന്നുന്നില്ല. നിർദ്ധനയായ വിധവയുടെ ചില്ലിക്കാശ് സുവിശേഷ പന്തലുകളിലും ധ്യാനകേന്ദ്രങ്ങളിലും മിക്കപ്പോഴും മാറ്റൊലി കൊള്ളാറുണ്ട്. പക്ഷേ അത് മിക്കപ്പോഴും പ്രസംഗങ്ങളിൽ മാത്രമായി ഒതുങ്ങിപ്പോകുന്നു. ഉദാഹരണത്തിന് ഒരാൾ ഒരു സാധനം വാങ്ങാൻ ഒരു കടയിൽ നടന്നെത്തുന്നു എന്ന് വിചാരിക്കുക. മറ്റൊരാൾ ബൈക്കിൽ ഇതേ ആവശ്യത്തിനായി വരുന്നു. മൂന്നാമതൊരാൾ കാറിലെത്തുന്നു. ഇവർ മൂന്നുപേരോടും കടക്കാരന്റെ സമീപനം മൂന്നുതരത്തിലായിരിക്കും. മൂന്നുപേർക്കും ലഭിക്കുന്ന സ്വീകരണം മൂന്നുരീതിയിലായിരിക്കുമെന്നു മാത്രമല്ല, മൂന്നുപേരോടും പറയുന്ന വിലയിലും മാറ്റമുണ്ടായിരിക്കും. നടന്നുവന്നയാളോട് ഏറ്റവും ഉയർന്ന വിലയും കാറിൽ വന്നയാളോട് ഏറ്റവും താണ വിലയും! യേശുവിന്റെ സന്ദേശത്തിന് കടകവിരുദ്ധമായ പ്രതികരണം. കടയുടമയ്ക്ക് അതിന് അതിന്റേതായ ന്യായം പറയാനുണ്ടാകും. ഈ മൂന്നുപേരിൽ കാറിൽ വന്നയാൾക്കായിരിക്കും ഏറ്റവും കൂടുതൽ വാങ്ങൽ ശേഷി (Purchase Power). അത് ഏറ്റവും കുറവ് നടന്നെത്തിയ ആൾക്കുമായിരിക്കും. വാങ്ങൽ ശേഷി കൂടിയവരിൽ നിന്ന് കൂടുതൽ കച്ചവടം പ്രതീക്ഷിക്കാം. പാവപ്പെട്ടവനിൽ നിന്ന് അത് പ്രതീക്ഷിക്കാനാവില്ല. കൂടുതൽ കച്ചവടം കൂടുതൽ ലാഭം. ഈ ചിന്തയാണ് കച്ചവടക്കാരെ ഭരിക്കുക. അതുകൊണ്ട് അവർ പണക്കാർക്കായിരിക്കും ഏറ്റവും താണ വിലയ്ക്ക് സാധനങ്ങൾ നൽകുക. എല്ലാവർക്കും ഒരേ വിലയ്ക്ക് ഒരു വസ്തു വിൽക്കണമെന്ന സാമാന്യ മര്യാദപോലും അവർ കാണിക്കാറില്ല. ക്രിസ്തുവിന്റെ ഉപദേശം അപ്പാടെ കാറ്റിൽ പറത്തുന്ന പ്രതികരണം.

പുതിയതോ പുനരുദ്ധരിക്കപ്പെട്ടതോ ആയ വലിയ പള്ളികളുടെ ഭിത്തിയിൽ ഒരു മാർബിൾ ഫലകം സാധാരണ കാണാറുണ്ട്. പള്ളിപണിക്കായി പതിനായിരങ്ങളും ലക്ഷങ്ങളും സംഭാവന നൽകിയ ധനികരുടെ പേരുകളും സംഭാവനത്തുകകളുമാണ് അതിൽ ആലേഖനം ചെയ്തിരിക്കുക. ചില്ലിക്കാശുകൾ സംഭാവന ചെയ്ത നിർദ്ധനരായ വിധവകളുടെ വിവരങ്ങളൊന്നും എഴുതി കണ്ടിട്ടില്ല. അത്തരം ഒരു വിധവയും പിന്നീട് പിറന്നിട്ടില്ലാത്തതിനാലാകാം! അതുകൊണ്ടായിരിക്കുമല്ലോ ‘‘നിർദ്ധനയാം ആ വിധവയുടെ ചില്ലിക്കാശിനുതുല്യമായ്.....’’ എന്ന് ഇന്നും ചൊല്ലിപ്പോരുന്നത്. ‘ഈ’ വിധവയുടെ എന്നു പറയാൻ ആളില്ലല്ലോ. അതോ അത്തരം വിധവകളെ കണ്ടെത്താൻ ഒരു ക്രിസ്തു ഇല്ലാത്തതോ?

പരസ്യത്തിനും പ്രചാരണത്തിനും വേണ്ടിയല്ല ചില്ലിക്കാശുകൾ കാണിക്കയിട്ട പാവപ്പെട്ട ആ സ്ത്രീയെ യേശു ഉയർത്തിക്കാണിച്ചത്. നേരെമറിച്ച് ക്ലേശിച്ചു നേടിയ തങ്ങളുടെ നിസ്സാരമായ സമ്പാദ്യമത്രയും ഈശ്വരസമക്ഷം കാഴ്ച വയ്ക്കുന്ന ദരിദ്രരെ ഉദാരമതികളായ ധനാഢ്യർക്കൊപ്പമെങ്കിലും സമൂഹം കാണണം എന്ന നിർദ്ദേശം ജനസമക്ഷത്തിൽ വയ്ക്കുവാനായിട്ടാണ്. തങ്ങളുടെ ഇല്ലായ്മയിൽ അവർക്കുള്ളതെല്ലാം നല്ലതെന്ന് അവർ കരുതുന്ന കാര്യത്തിനായി സമർപ്പിക്കുന്ന നിർദ്ധനരെ സമൂഹം അവഗണിക്കരുതെന്ന് ഓർമ്മപ്പെടുത്തുന്നതിനാണ്.

*മെത്രാപ്പോലീത്തായുടെ കത്ത്*

# വ്യക്തമായ കാർഷിക നയം രൂപപ്പെടണം

**കേ**രളത്തിന്റെ സാമ്പത്തിക സ്ഥിതി ഭദ്രമല്ല, തകർച്ചയുടെ വക്കിലാണ് എന്നു സൂചിപ്പിച്ച് ഒരു കത്ത് ഞാൻ എഴുതിയിട്ട് ഏറെ മാസങ്ങൾ കഴിഞ്ഞില്ല. എന്നാൽ സാമ്പത്തിക തകർച്ച രൂക്ഷമായ ഒരു പ്രതിസന്ധിയിലേക്ക് ചെന്നെത്തുന്ന അവസ്ഥ കണ്ട് ഈ വിഷയത്തിലേക്ക് ഒരിക്കൽ കൂടി ജനശ്രദ്ധ ക്ഷണിക്കുവാൻ ശ്രമിക്കുകയാണ്. ഈ വിപൽസന്ധി സംബന്ധിച്ച് ഗൗരവമായ ചിന്തയോ, ചർച്ചയോ, നടപടികളോ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നതിന്റെ ലക്ഷണങ്ങൾ ഒന്നും തന്നെയില്ല. ഉയരുന്ന സാമ്പത്തിക ക്രമക്കേടുകൾക്കും അഴിമതി ആരോപണങ്ങൾക്കും വിശ്വസനീയമായ മറുപടി നൽകാൻ ആവാതെ കുഴയുമ്പോൾ ഭരണകൂടത്തിന് ഇതൊന്നും ഒരു വിഷയമായിരക്കുകയില്ല. എറണാകുളത്തെ മെട്രോ നിർമ്മാണവും സ്മാർട്ട് സിറ്റിയും സംബന്ധിച്ച് പെരുപ്പിച്ച് സംസാരിച്ചും പ്രചാരണം നടത്തിയുമൊന്നും പ്രശ്നം മൂടിവയ്ക്കാനും പരിഹരിക്കാനും കഴിയില്ല. മെട്രോ യാഥാർത്ഥ്യമായാൽ അവിടത്തെ ഗതാഗതക്കുരുക്കിന് ശമനമുണ്ടാകുമെന്നല്ലാതെ സംസ്ഥാനത്തെ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിക്ക് പ്രതിവിധിയാകുന്നില്ല. സ്മാർട്ട്സിറ്റി ഏട്ടിലെ പശുവായി അവശേഷിക്കുന്നു. നാടിന്റെ ഭാവി തകരുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ നീങ്ങുന്ന സാഹചര്യത്തിൽ ഗൗരവമായ ചർച്ചകളും വ്യക്തമായ നിർദ്ദേശങ്ങളും മാധ്യമരംഗത്തു നിന്നെങ്കിലും ഉണ്ടാകേണ്ടതാണ്. സെൻസേഷണൽ വാർത്തകൾക്കും, രാഷ്ട്രീയ സംഭവങ്ങൾക്കും പ്രാധാന്യം നൽകുന്ന ഇന്നത്തെ പ്രവണത നിയന്ത്രിച്ച് നാടിനെ ബാധിക്കുന്ന അടിയന്തര പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ മാധ്യമങ്ങൾ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

കേരളം അടിസ്ഥാനപരമായി കാർഷിക പ്രധാനമായ ഒരു സംസ്ഥാനമാണ്. അതിന്റെ ഭൂപ്രകൃതി, മണ്ണ്, കലാവസ്ഥ, ജല ലഭ്യത എന്നിവയെല്ലാം വിവിധങ്ങളായ കൃഷികൾക്ക് സാധ്യതയേകുന്നു. നല്ല സൂര്യപ്രകാശവും, ചൂടും, രണ്ടു മഴക്കാലവും ഭൂമിയുടെ പൊക്കത്താഴ്ചകളുമെല്ലാം വ്യത്യസ്ത കൃഷികൾക്ക് അനുകൂലമാണ്. ജനസാന്ദ്രത വളരെ ഉയർന്നതായതിനാൽ കൃഷിക്കാവശ്യമായ മാനവശേഷിക്കും ക്ഷാമമില്ല. പ്രകൃതി കനിഞ്ഞൊരുക്കിയിരിക്കുന്ന അനുകൂല സാഹചര്യം ഉപയോഗപ്പെടുത്തി കാർഷിക രംഗം സജീവമാക്കുവാൻ സാധ്യമായ നാടാണ് നമ്മുടേത്. എന്നാൽ വിരോധാഭാസമെന്നു പറയട്ടെ കൃഷി മേഖലയാണ് ഇവിടെ ഇന്ന് ഏറ്റവും, അനാഥവും അനാകർഷകവും അവഗണിക്കപ്പെടുന്നതും. 'കൃഷി ഒഴികെ മറ്റെന്തെങ്കിലും' എന്നതാണ് തൊഴിൽ തെരഞ്ഞെടുപ്പിലെ മുൻഗണനാമന്ത്രം. നല്ല വളക്കൂറും ജലസമൃദ്ധിയുമുള്ള നെൽപ്പാടങ്ങൾ തരിശായികിടക്കുന്നു. ഉയർന്ന കൂലിനിരക്കുമൂലം തോട്ടങ്ങളിൽ പണിയെടുപ്പിക്കുവാൻ നിർവ്വാഹമില്ലാതെ അവ നാശോന്മുഖമായികൊണ്ടിരിക്കുന്നു. ഭക്ഷ്യോല്പന്നങ്ങളുടെയും നാണ്യവിളകളുടെയും ഉല്പാദനം കുത്തനെ കുറയുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നതക്. കാർഷിക രംഗത്ത് പ്രവർത്തിക്കുന്നവരുടെ എണ്ണവും കൂപ്പുകുത്തുന്നു. 1960-കളിൽ കേരളത്തിന്റെ മൊത്ത ഉല്പാദനത്തിൽ (State domestic product) 55% കൃഷിജന്യ വിഭവങ്ങളായിരുന്നെന്നതിൽ ഇന്നത് വെറും 8-9 ശതമാനമായിക്കുറഞ്ഞത് ആരിലും ആശങ്ക ജനിപ്പിക്കുന്നില്ല. രൂക്ഷമായ തൊഴിലില്ലായ്മ അനുഭവപ്പെടുന്ന ഈ നാട്ടിൽ ഇന്ന് 16% ആളുകൾ മാത്രമാണ് കാർഷിക മേഖലയിൽ അവശേഷിക്കുന്നത്. കൃഷിയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവരുടെ എണ്ണം സാമ്പത്തികശേഷി, കൃഷിസ്ഥലത്തിന്റെ വിസ്തൃതി, ഉല്പാദനത്തിന്റെ തോത്, അളവ്, അതിൽ നിന്നുള്ള വരുമാനം എന്നിവയെല്ലാം നാൾക്കുനാൾ കുറഞ്ഞു കുറഞ്ഞു വരികയും ചെയ്യുന്നു. കേരളത്തിനാവശ്യമായ ഭക്ഷ്യവസ്തുക്കളുടെ 20% മാത്രമാണ് ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്നത് എന്ന വസ്തുത ഭക്ഷ്യകാര്യത്തിൽ കേരളം എത്രമാത്രം അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുന്നു എന്നു വ്യക്തമാക്കുന്നു. ഇത് നമ്മുടെ ഭാവിയെ അസ്ഥിരമാക്കുന്നു.

കൃഷി സാധ്യത ഏറെയുള്ള ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തര സൃഷ്ടിക്കുന്നത് കൃഷിയാണ്, ആയിരിക്കണം എന്ന ചിന്ത നമുക്കില്ലാതെ വരുന്നു. കൃഷിയെ നമുക്ക് ഇഷ്ടമില്ല. ഇതിനു പല കാരണങ്ങളുണ്ട്. കായിക അദ്ധ്വാനം കൂടുതൽ ആവശ്യമായ തൊഴിൽ മേഖലയാണിത്. വെയിലും മഴയുമേറ്റ് പണിയെടുക്കേണ്ടിവരും. ശരീരത്തിന്റെ നിറവും, ത്വക്കിന്റെ മൃദുത്വവും, അവയവങ്ങളുടെ സൗഷ്ഠവവുമെല്ലാം കുറഞ്ഞുപോകും എന്ന ഭയം, കർഷകന് അർഹമായ ആദരവ് സമൂഹം നൽകുന്നില്ല എന്ന വസ്തുത ഇവയെല്ലാം അതിൽ പെടും. ഒരു പണിശാലയിലെ മെക്കാനിക്കിനോ സർക്കാർ ഓഫീസിലെ ശിപായിക്കോ ലഭിക്കുന്ന ബഹുമാനം പോലും ഒരു കൃഷിവലനു കിട്ടുന്നില്ല എന്നതാണ് സത്യം. വരുമാനമോ അതിദയനീയം. തികച്ചും അനിശ്ചിതം. കർഷകന് ഭേദപ്പെട്ട ഒരു ബന്ധുതയ്ക്കു

ളുടെ മക്കളെ ഡോക്ടർമാരും, എൻ ജിനീയർമാരുമാക്കി മണ്ണിൽ തൊടാ തെ അവരുടെ ജീവിതം സുരക്ഷിത മാക്കുന്നത് ലക്ഷ്യം വയ്ക്കുന്നവ രാണ് ഇന്നത്തെ മാതാപിതാക്കൾ. അതുകൊണ്ട് ഇളം തലമുറയ്ക്ക് കൃഷിയോടുള്ള അപ്രതിപത്തിക്കും അവജ്ഞാഭാവത്തിനും അവർക്കു ള്ള പങ്ക് അവർ തരിച്ചറിയേണ്ടതുണ്ട്. വെയിലും, മഴയും, മണ്ണും, ചെളിയും അനുഭവമാക്കാൻ അവസരം കിട്ടാതെ വളരുന്ന കുട്ടികൾക്ക് കർഷകരാ കാൻ വേറൊരു ജന്മം തന്നെ വേണ്ടി വരും. തങ്ങൾക്ക് ജീവിക്കാൻ വേണ്ട ഭക്ഷണം സൃഷ്ടിക്കുന്നത് കർഷകർ മാത്രമാണെന്നും കൃഷിയാണ് ലോക ത്ത് ഏറ്റവും മാന്യമായ തൊഴിൽ എന്നും പിഞ്ചു ഹൃദയങ്ങളിൽ കുറി ക്കാൻ കഴിഞ്ഞാൽ അവരെന്നും കൃഷിയിലും കർഷകരിലും അഭി മാനം കൊള്ളും.

സത്യത്തിൽ ഈ നല്ല ധാരണ കുട്ടികളിൽ വളർത്തിയാൽ മാത്രം പോരാ സ്കൂളിൽ അവരെ കൃഷി പാഠങ്ങൾ അഭ്യസിപ്പിക്കുകയും ശാസ് ത്രീയ കൃഷിരീതികൾ പരിശീലിപ്പി ക്കുകയും ചെയ്യണം. കൃഷി എത്ര മാത്രം സമൂഹത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കാവശ്യമാണെന്നും തൊഴി ലവസരങ്ങൾ നൽകുന്നതാണെന്നും കുട്ടികൾക്കു മനസ്സിലാക്കി കൊടു ക്കണം. മനുഷ്യന്റെ പ്രാഥമികാവ ശ്യമായ ഭക്ഷണത്തിന്റെ ഉല്പാദനം എത്രമഹത്തരമായ സത്ക്കർമ്മാ ണെന്ന് കുട്ടികളെ ബോധ്യപ്പെടുത്തി കർഷക വൃത്തിയെ അവർക്കു മു മ്പിൽ ആദർശവത്ക്കരിക്കണം. കൂ ടാതെ കൃഷി എത്രമാത്രം മാനസിക സന്തോഷവും സംതൃപ്തിയും ശാരി രികാരോഗ്യവും പ്രദാനം ചെയ്യുന്നു എന്നും അവൻ അറിയണം. ഇതെല്ലാം കുട്ടികളെ ക്രമേണ കാർഷികവൃത്തി യിലേക്ക് ആകർഷിക്കാനും തിരിച്ചു വിടാനും ഉപകരിക്കും. ചിലരെങ്കിലും അതിനെ തങ്ങളുടെ മുഖ്യതൊഴി ലായി സ്വീകരിക്കുകയും ചെയ്യും. പഠ നവും അക്കാദമിക മേന്മയുമുള്ളവർ ആ വഴിക്കു തിരിയുന്നത് കൃഷിയുടെ

അങ്ങനെ അവർ തൊഴിലില്ലായ്മ പ രിഹരിക്കുകയും, ഭക്ഷണ കാര്യ ത്തിൽ സ്വയം പര്യാപ്തത കൈവരി ക്കുകയും കയറ്റുമതി വഴി വിദേശ ധന സമ്പാദനം നടത്തുകയും ചെയ്യുന്നു. ഈ വസ്തുത നമ്മുടെ കണ്ണു തുറ പ്പിക്കേണ്ട കാര്യമാണ്. ശാസ്ത്രീയ മായി കൃഷി ചെയ്യുമ്പോൾ കൃഷി ലാഭകരമായിത്തീരുന്നു എന്നത് വാസ്തവമാണ്. സർക്കാർ നല്കുന്ന പ്രോത്സാഹം, പിന്തുണ, സഹകര ണം, ശ്സ്ത്രീയോപദേശങ്ങൾ എന്നി വയെല്ലാം കൃഷി രംഗത്തു പ്രവർത്തി ക്കുവാൻ ചെറുപ്പക്കാരെ ഉത്സുകരാ ക്കുന്നു. അദ്ധ്വാനിക്കുന്നതിൽ അഭി മാനം കൊള്ളുന്ന ഒരു സംസ്കാരം കൈമോശം വന്നുപോയ ഒരു നാട്ടിൽ അതിനെ പുനർജ്ജനിപ്പിക്കുന്നതിൽ ഭരണകൂടത്തിന് നിർണ്ണായക പങ്കും ബാധ്യതയുമുണ്ട്. നഷ്ടപ്പെട്ടുപോയ കൃഷി സംസ്ക്കാരത്തിന്റെ പുനർപ രിചയപ്പെടുത്തൽ ഇന്ന് പുതിയ തല മുറയ്ക്ക് ആവശ്യമായി വന്നിരിക്കു കയാണ്.

നമ്മുടെ ചെറുപ്പക്കാരായ മാതാ പതാക്കൾ അവരുടെ കുഞ്ഞുങ്ങളെ മണ്ണിൽ നിന്ന് കഴിവതും അകറ്റി നിർത്തുകയാണ്. മണ്ണ് അഴുക്കാ ണെന്ന തോന്നലാണ് കുഞ്ഞുങ്ങളിൽ അവർ ജനിപ്പിക്കുന്നത്. മണ്ണിൽ ഓടി കളിക്കാനും, പണിയെടുക്കാനും മണ്ണ് വാരിയെറിഞ്ഞ് ആഹ്ലാദിക്കാനുമൊ ന്നും കുട്ടികളെ അനുവദിക്കുന്നില്ല. മണ്ണിനോടുള്ള ബന്ധവും അതിൽ പണിയെടുക്കുന്നതിന്റെ പ്രാധാ ന്യവും അതിന്റെ അനിവാര്യതയും അനുഭൂതിയും തിരിച്ചറിയാതെയാ ണ് കുഞ്ഞുങ്ങൾ വളർന്നു വരുന്ന ത്. മണ്ണിലെ അദ്ധ്വാനം നിലവാരമി ല്ലാത്ത ഒന്നാണ് എന്ന മാതാപിതാ ക്കളുടെ മനോഭാവമാണ് കുഞ്ഞു ങ്ങൾ മണ്ണിനെ സ്നേഹിക്കാതെ വള രുന്നതിനും കൃഷിയെ ആദരിക്കാ തെ ജീവിക്കുന്നതിനും വൈകാരിക സാഹചര്യം സൃഷ്ടിക്കുന്നത്. അങ്ങ നെ വളരുന്ന ഒരു തലമുറയ്ക്ക് കൃഷി യിൽ താല്പര്യമോ, കൃഷിക്കാരോടു ബഹുമാനമോ തോന്നുമോ? തങ്ങ

പോലും സാധ്യത കുറവാണ്! മാറിയ സാഹചര്യങ്ങളിലെ മുൻഗണനകൾ ഈ തൊഴിൽ ഏറ്റെടുക്കുന്നത് തട യുന്നു. കൃഷി സംസ്ക്കാരത്തോടു ള്ള വികർഷണം മൂലം വിദ്യാസമ്പ ന്നർ മാത്രമല്ല, സാധാരണക്കാർ പോലും ഇതിലേക്ക് ആകർഷിക്ക പ്പെടുന്നില്ല. നമ്മുടെ നാട്ടിൽ പുതിയ തലമുറയ്ക്ക് വേണ്ടാത്ത ഒരു തൊ ഴിലായിരിക്കുകയാണ് കൃഷി. സ്ട്ര ക്ച്ചറൽ അഡ്ജസ്റ്റ്മെന്റ് പോളിസി നടപ്പിലാക്കുക വഴി വളം, കീടനാശി നികൾ ഇവയ്ക്ക് സബ്സിഡി നിർത്ത ലാക്കിയതോടെ കൃഷിയുടെ അധ്വാ നാനുസൃതമായ വരുമാനം വീണ്ടും താണു. ഇങ്ങനെ എല്ലാ വിധത്തിലും ആകർഷണീയത നഷ്ടപ്പെട്ട തൊഴി ലായി കൃഷിമാറിയിരിക്കുന്നു. അതു കൊണ്ട് പ്രത്യേകിച്ചും വിദ്യാഭ്യാസ മുള്ള ചെറുപ്പക്കാർ സേവന വാണി ജ്യ വ്യാപാര-വ്യവസായ മേഖലക ളിലും ബന്ധപ്പെട്ട തൊഴിലുകളിലു മാണ് തല്പര്യം കാണിക്കുന്നത്.

എന്നാൽ അനുകൂലമായ ഭൂപ്ര കൃതിയും, കാലാവസ്ഥയും, വർഷ പാതവും, മാനവശേഷിയുമെല്ലാമുള്ള ഒരു ദേശത്ത് കൃഷിയാണ് ഏറ്റവും ആശ്രയിക്കത്തക്ക അടിസ്ഥാന തൊ ഴിൽ എന്ന് നാം തിരിച്ചറിയേണ്ടതാണ്. മനുഷ്യന്റെ വ്യക്തിപരമായ നേട്ട ത്തിന്റെ കാര്യം മാത്രമല്ല, നാടിന്റെ ക്ഷേമത്തിനും സമൃദ്ധിയ്ക്കും കെട്ടു റപ്പിനും അത് അത്യാവശ്യമാണ്. ഈ രംഗത്ത് അദ്ധ്വാനിക്കുവാൻ തയ്യാറാ കുന്നതോടെ ഒരു വലിയ പരിധിവരെ തൊഴിലില്ലായ്മ പരിഹൃതമാവുകയാ ണ്. തൊഴിലില്ലായ്മ രൂക്ഷമായ നാടാ യിട്ടല്ലേ കേരളം അറിയപ്പെടുന്നത്. നമ്മുടെ മൂന്നിൽ ഒന്നുപോലും കൃഷി സാഹചര്യങ്ങൾ ഇല്ലാത്ത നാടാണ് ഇസ്രായേൽ അത്യുഷ്ണം, വളക്കൂറി ല്ലാത്ത മണ്ണ്, മഴക്കുറവ് എന്നിവ യെല്ലാം അതിജീവിച്ചുകൊണ്ട് അവി ടുത്തെ ജനങ്ങൾ സ്വന്തം ആവശ്യ ത്തിനുവേണ്ട ഭക്ഷണസാധനങ്ങൾ ഉല്പാദിപ്പിക്കുന്നു എന്നു മാത്രമല്ല അവ കയറ്റുമതി ചെയ്ത് വിദേശ നാണ്യം സമ്പാദക്കുകയും ചെയ്യുന്നു.

മാന്യത വർദ്ധിപ്പിക്കും. കൃഷിക്ക് പുതിയ മുഖം നൽകും. ഇന്ന് കുടുംബത്തിലെ വിദ്യാഭ്യാസം കുറഞ്ഞവർക്ക് മാത്രമായി സംവരണം ചെയ്തിരിക്കുന്ന കർഷിക രംഗത്തേക്ക് കൂടുതൽ പേർ തിരിയും. ഇതു സംഭവിച്ചാൽ കർഷിക രംഗത്തെ ഇന്നത്തെ ശോച്യാവസ്ഥയ്ക്ക് മാറ്റം വരുത്തും. കൂടുതൽ ശാസ്ത്രീയപഠനവും, പരീക്ഷണവും ഗവേഷണവും നടത്തി കാർഷിക മേഖലയെ കൂടുതൽ കാര്യക്ഷമവും സംപുഷ്ടവുമാക്കും.

കൃഷി ലാഭകരമല്ല എന്നുള്ളതാണല്ലോ ആ രംഗത്തുനിന്ന് മനുഷ്യരെ പിന്തിരിപ്പക്കുന്ന പ്രധാന ഘടകം. ഈ വിഷയം കൂടുതൽ പഠനത്തിനും അന്വേഷണത്തിനും വിഷയമാക്കേണ്ടതുണ്ട്. നഷ്ടം സഹിച്ച് ഒരു പ്രസ്ഥാനം എന്നും നടത്തിക്കൊണ്ടുപോകാനാവില്ലല്ലോ. കൃഷി നഷ്ടമാകാൻ പല കാരണങ്ങൾ ഉണ്ട്. കൃഷി ഒരു വിളയിൽ മാത്രമായി പരിമിതപ്പെടുന്നതാണ് ഒരു കാരണം. കേരളത്തിന്റെ ഇടനാട്ടിലും, മലനാടിന്റെ താഴ്വരകളിലും റബ്ബറാണ് മുഖ്യകൃഷി. ഏകകൃഷി എന്നു തന്നെ പറയാം. കാരണം റബ്ബർക്കൃഷി അത്ര വ്യാപകവും മറ്റുളളവ ചുരുക്കവുമാണ്. മൊത്തം റബ്ബർ കൃഷിയായതു നിമിത്തം റബ്ബറിനു വിലകുറയുന്നതോടെ കേരളത്തിലെ സാമ്പത്തിക ഭദ്രത ആകെ തകിടം മറിയുന്നു. കൃഷി നഷ്ടമാകും. അടുത്ത കാലത്ത് പെട്രോളിയത്തിന്റെ വില ഗണ്യമായി കുറഞ്ഞപ്പോൾ റബ്ബർവിലയും താണു. കാരണം കൃത്രിമ റബ്ബർ നിർമ്മാണത്തിനുള്ള മുഖ്യവസ്തു പെട്രോളിയത്തിന്റെ ഉപോല്പന്നമാണ്. പെട്രോളിയത്തിന്റെ വില താഴുമ്പോൾ കൃത്രിമ റബ്ബറിന്റെ വിലയും വീഴും. അപ്പോൾ പിടിച്ചു നിൽക്കാനാവതെ സ്വാഭാവിക റബ്ബറിന്റെ വിലയും ഇടിയും. അങ്ങനെ റബ്ബർകൃഷി ആദായകരമല്ലാതായിത്തീരുന്നു. ഒരു മേഖലയിൽ മുഴുവൻ ഒരേ കൃഷിയാകുമ്പോൾ ആ വിളയ്ക്ക് സംഭവിക്കുന്ന വിലയിടിവ് ആ പ്രദേശത്തെ രൂക്ഷമായി ബാധിക്കും. ഭൂവുടമകൾ റബ്ബർ ടാപ്പിംഗ് നിർത്തലാക്കുന്നു. അതാണ് ഇന്ന് കേരളത്തിൽ ഇടനാടൻ പ്രദേശത്തെയും ഹൈറേഞ്ചിന്റെ പടിഞ്ഞാറൻ ഭാഗങ്ങളെയും സാമ്പത്തികമായി ഉലച്ചിട്ടുള്ളത്. അതിനാൽ തീരപ്രദേശത്താകട്ടെ റബ്ബറിന്റെ സ്ഥാനം തെങ്ങിനുമാണ്. വെളിച്ചെണ്ണയുടെ വിലക്കുറവ് കേരളത്തിന്റെ കടലോരമേഖലയേയും ഇതേവിധം ബാധിക്കുന്നതാണ്. ഇതിനുള്ള കരുതൽ നടപടി കഴിവുള്ളിടത്തോളം ഒരുവിള മാത്രം കൃഷിചെയ്യാതെ സാധ്യമായ എല്ലാ കൃഷികളും ചെയ്യുകയാണ്. അങ്ങനെയായാൽ ഒന്നിന്റെ വിലയിടിവുമൂലം സംഭവിക്കുന്ന നഷ്ടം മറ്റൊന്നിൽ നിന്ന് പരിഹരിക്കാനായേക്കാം. അതുകൊണ്ട് ലാഭകരം എന്നു കാണുന്ന ഏതെങ്കിലും ഒരിനം കൃഷിയിലേക്ക് മൊത്തമായി മാറാതെ പല കൃഷികൾ നടത്തുകയാണ് സുരക്ഷിതം.

കൃഷി നഷ്ടമാകുന്നതിന് മറ്റൊരു കാരണം സ്ഥലമുടമ കൃഷികാര്യത്തിൽ ഇടപെടാതെ മൊത്തമായി കൂലിപ്പണിക്കാരെ ഏൽപ്പിക്കുന്നതാണ്. മുമ്പൊക്കെ സ്ഥലമുടമസ്ഥനും കുടുംബാംഗങ്ങളും പണിക്കിറങ്ങുകയും ഒഴിവാക്കാൻ വയ്യാത്ത സാഹചര്യത്തിൽ മാത്രം അന്യരുടെ സേവനം പ്രയോജനപ്പെടുത്തുകയുമായിരുന്നു. ഉടമസ്ഥൻ കൂടെ പണിയാനുണ്ടെങ്കിൽ കൂലിക്കാരും സമയം പാഴാക്കാതെ പണിയെടുക്കും. കർഷകർ ഈ അദ്ധ്വാന സംസ്കാരം കൈവിട്ടതോടെ കൃഷി നഷ്ടമായി പരിണമിച്ചു. ഏതുകാലത്തും നേരിയ ലാഭമേ കൃഷിയിൽ നിന്നു ലഭിച്ചിരുന്നുള്ളൂ. കച്ചവടവും, ബാങ്കിംഗും പോലെ ലാഭകരമല്ലല്ലോ കൃഷി.

നാട്ടിൽ കൃഷി, നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആളില്ലാതായപ്പോൾ അന്യസംസ്ഥാനങ്ങളിൽ നിന്ന് തൊഴിലാളികൾ ഇവിടെയെത്തി പണിയെടുക്കുവാൻ തുടങ്ങി. ഇപ്പോൾ ഏകദേശം മൂന്നു ദശലക്ഷത്തോളം അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ കൃഷിയിലും കെട്ടിട–റോഡ് നിർമ്മാണ മേഖലയിലും ഏർപ്പെട്ടിരിക്കുന്നു. അവരുടെ കൂലിയിനത്തിൽ ദിനംപ്രതി 100–120 കോടി രൂപ കേരളത്തിൽ നിന്ന് മറ്റു സംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നു. ഇത് കേരളത്തിന്റെ ആഭ്യന്തരവിപണിയിൽ വലിയ സാമ്പത്തിക ശോഷണമുണ്ടാക്കുന്നു. അവരുടെ സാന്നിധ്യത്തെ കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല. അദ്ധ്വാനരംഗത്തെ അവരുടെ സംഭാവന കുറച്ചു കാണാനും ആവില്ല. കാലക്രമത്തിൽ അവർ ഇവിടത്തെ കൃഷി സ്ഥലങ്ങൾ വിലയ്ക്കോ, പാട്ടത്തിനോ എടുത്ത് ലാഭകരമായി കൃഷി ചെയ്യാൻ തുടങ്ങിയാൽ അത്ഭുതപ്പെടേണ്ടതില്ല. ഇവിടെയുള്ളവർ ജോലി ചെയ്യാത്തതുവഴി സംസ്ഥാനത്തിന് ഓരോ ദിവസവും നഷ്ടമാകുന്നതുകയാണ് മുകളിൽ സൂചപ്പിച്ചത് കേരളത്തിൽ നിന്ന് പുറത്ത് ജോലി ചെയ്യുന്നവർ സാമ്പത്തികഭദ്രത തകരുന്ന സാഹചര്യത്തിൽ ഇവിടെ ധനം നിക്ഷേപിക്കാനും മടിക്കുന്നു.

കൃഷി ശാസ്ത്രീയമായി ചെയ്യാവുന്ന സാഹചര്യം ഇന്ന് കേരളത്തിൽ ഉണ്ട്. രാസവള കീടനാശിനി എന്നിവയ്ക്ക് സബ്സിഡി ഇല്ലാതായെങ്കിലും അവയുടെ ഉപയോഗം കേരളത്തിൽ ഇപ്പോഴും കൂടുതലാണ്. അവയ്ക്കു പകരം പരിമിതമായ ചെലവിൽ നിർമ്മിച്ചെടുക്കാവുന്ന ജൈവവളങ്ങളും ജൈവകീടനാശിനികളും ഉപയോഗിച്ച് മെച്ചപ്പെട്ട കാർഷിക ഉത്പാദനം സാധിക്കാമെന്നത് തെളിയിക്കപ്പെട്ട വസ്തുതയാണ്. കൂടുതൽ ജൈവകൃഷി വ്യാപിക്കുന്നതോടെ മനുഷ്യന്റെ സസ്യേതര ഭക്ഷണങ്ങളോടുള്ള ആസക്തിയും കുറയും. രാസവളങ്ങൾ, കീടനാശിനികൾ എന്നിവയുടെ ഉപയോഗം വർദ്ധിക്കുന്നതാണ് മാംസഭക്ഷണത്തിലേയ്ക്ക് ഏറെപ്പേർ തിരിയാൻ ഇടയാക്കുന്ന കാര്യം. ശാസ്ത്രീയമായ കൃഷി രീതികൾ അവലംബിക്കുക, വിവിധതരം കൃഷികൾ സമാന്തരമായും ഇടവിളയായും ചെയ്യുക, കൃഷിഭൂമി തരിശിടാതിരിക്കുക, സ്വയം നിർമ്മിക്കുന്ന ജൈവ വളങ്ങളും പ്രകൃതി വളങ്ങളും

ജൈവകീടനാശിനികളും ഉപയോഗിക്കുക. കൂലിക്കാരുടെ എണ്ണം പരമാവധി കുറയ്ക്കുക, കൃഷിയിൽ ചെറുകിട യന്ത്രങ്ങൾ ഉപയോഗപ്പെടുത്തുക. അത്യുല്പാദനശേഷിയുള്ളതും ഗുണമേന്മയുള്ളതുമായ വിത്തിനങ്ങൾ ഉപയോഗിക്കുക എന്നിങ്ങനെയുള്ള മാർഗ്ഗങ്ങൾ വഴി ഉല്പാദനം വർദ്ധിപ്പിക്കുകയും ചെലവു ചുരുക്കുകയും ചെയ്യാം. കൂടാതെ മൃഗ-പക്ഷി-മത്സ്യ-തേനീച്ച കൃഷികൾ കൃഷിയോടൊപ്പം നടത്തി ലാഭം വർദ്ധിപ്പിക്കാവുന്നതാണ്. വിളകളിൽ നിന്നു ലഭിക്കുന്ന പാഴ്‌വസ്തുക്കൾ മൃഗങ്ങൾക്കും പക്ഷികൾക്കും മത്സ്യങ്ങൾക്കും തീറ്റിയായും അവയുടെ വിസർജ്ജ്യങ്ങൾ കാർഷിക വിളകൾക്ക് വളമായും ഉപയോഗപ്പെടുത്താം. കൃഷി നൽകുന്ന തൊഴിലവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി കൃഷിയിലേക്ക് യുവതലമുറ തിരിഞ്ഞാൽ സംസ്ഥാനത്ത് സാമ്പത്തിക വളർച്ചയുണ്ടാകും. ഒപ്പം തന്നെ തൊഴിലില്ലായ്മക്കു ശമനമുണ്ടാവുകയും ചെയ്യും. കൂലിക്കാരെ മാത്രം ആശ്രയിച്ച് മോണോ കൾച്ചർ കൃഷി രീതി അവലംബിച്ചാൽ കൃഷി എല്ലാക്കാലത്തും ലാഭകരമായിരിക്കണമെന്നില്ല. വ്യാപാര വ്യവസായ രംഗങ്ങളിൽ എല്ലാം ഉടമസ്ഥർ നേരിട്ട് ഇടപെട്ട് പ്രവർത്തിക്കുമ്പോഴാണ് ലാഭകരമാകുന്നത്. അതുപോലെ കാർഷിക മേഖലയിലും കർഷകർ തന്നെ അദ്ധ്വാനത്തിന് തയ്യാറായാൽ ഈ രംഗത്തെ ദുസ്ഥിതിക്കു മാറ്റം വരും.

ജീവിത നിലവാരവും കൃഷിയിൽ നിന്നുള്ള വരുമാനവും വർദ്ധിക്കുന്ന സാഹചര്യത്തിൽ വേതന വർദ്ധന ആവശ്യമായി വരുന്നു. ഇത് കൃഷിയിൽ നിന്നുള്ള ലാഭം കുറയ്ക്കുന്നു. ഇതിന് ഒരു പരിഹാരം കാണേണ്ടതുണ്ട്. കൂലിക്കാരെ പങ്കുകാരാക്കുകയാണ് ഒരു പരിഹാരമാർഗ്ഗം. അവരുടെ അദ്ധ്വാനത്തിന് ആനുപാതികമായി അധിക ആദായം ലഭിക്കുമെന്ന് ഉറപ്പാകുന്ന സാഹചര്യത്തിൽ ജോലിക്ക് കൂടുതൽ പേർ താത്പര്യം കാണിക്കുകയും കൃഷി വികസനം നടക്കുകയും ലാഭവും വർദ്ധിക്കുകയും ചെയ്യാനിടയുണ്ട്. കൂലി കൊടുത്ത് കൃഷി ചെയ്യുന്ന സാഹചര്യത്തിൽ ഏറ്റവും കുറച്ചു പണി ചെയ്യാനും പരമാവധി പ്രതിഫലം പറ്റാനുമായിരിക്കും തൊഴിലാളികളുടെ ശ്രമം. എന്നാൽ പങ്ക് (ഷെയർ) വ്യവസ്ഥയിൽ കൃഷി ചെയ്യുന്നത് ഇരുകൂട്ടർക്കും ഗുണകരമാകും. ഉത്പാദന വർദ്ധനവിന് പങ്കുകാരന് കൂടുതൽ ഉത്സാഹം തോന്നുകയും ചെയ്യും. തരിശായി കിടക്കുന്ന നെൽപ്പാടങ്ങളിൽ നിന്ന് ഇന്ന് ഉടമസ്ഥന് ഒരു വരുമാനവും കിട്ടുന്നില്ല. പങ്കു വ്യവസ്ഥയിൽ കൃഷിയിറക്കിയാൽ തുച്ഛമാണെങ്കിലും ഒരു വരുമാനമാർഗ്ഗമാകും. പങ്കുകാരന് ഒരു ജീവിതമാർഗ്ഗവും കാർഷിക ഉല്പാദനത്തിൽ വർദ്ധനവു വരുന്നതുനിമിത്തം ഉല്പാദന രംഗം സജീവമാകും. ഉല്പന്നങ്ങളുടെ വിലയിടിവു സംഭവിച്ചാൽ അതിന്റെ മുഴുവൻ നഷ്ടം നിലമുടമയുടെ ചുമലിൽ വരികയുമില്ല. അതുപോലെ തന്നെ ഉല്പന്നങ്ങൾക്ക് വിലകുറയുമ്പോൾ കൂലിക്കാർ കൂലിക്കുറവിന് സമ്മതിക്കേണ്ടതാണ്. കാരണം ഇത് കാർഷിക മേഖലയെ സംരക്ഷിക്കാൻ കൂടിയാണ്. കൃഷി നിലച്ചാൽ കൂലിക്കാരന്റെ വരുമാനമാർഗ്ഗവും അടയുമല്ലോ.

കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില കിട്ടുന്നില്ലാ എന്നത് കൃഷി മേഖലയെ തളർത്തുന്ന കാര്യമാണ്. കർഷകരും കർഷകത്തൊഴിലാളികളും ചേർന്ന് സഹകരണ വ്യവസ്ഥയിൽ വല്പനശാലകൾ തുറക്കുന്നത് ഇടനിലക്കാരെ ഒഴിവാക്കി കൂടുതൽ വിലനേടാൻ സാധ്യത നൽകുന്നു. ഇന്ന് അദ്ധ്വാനിക്കുന്ന ഉല്പാദകരെക്കാൾ ലാഭം കൊയ്യുന്നത് ഇടനിലക്കാരായ കച്ചവടക്കാരാണ്. എന്നാൽ കർഷകർ തന്നെ വിപണി സൃഷ്ടിക്കുവാനുള്ള ഈ ശ്രമം കൃഷി ലാഭകരമാക്കുന്നതിന് സഹായകമാണ്. കൃഷിയിൽ നിന്ന് പിന്തിരിയുക വ്യക്തിയുടെ ധനവരുമാനം കുറയ്ക്കുന്നു എന്നു മാത്രമല്ല നാടിനെ സാമ്പത്തികമായി തകർക്കുകയും ചെയ്യും.

ഭൂമിയിൽ അദ്ധ്വാനിക്കുക എല്ലാ മനുഷ്യർക്കും ദൈവം നൽകിയ കല്പനയാണ്. ആ കല്പനയാണ് സുഖാന്വേഷിയായ മനുഷ്യൻ ലംഘിക്കുന്നത് എന്ന് ജനങ്ങളെ ഓർമ്മപ്പെടുത്തുവാനുള്ള ബാധ്യത സഭയ്ക്കുണ്ട്. കൃഷിയില്ലാതായാൽ മനുഷ്യർക്കു ഭക്ഷണമില്ലാതാകും. നാടിന്റെ സാമ്പത്തികഭദ്രത തകരും. ഭക്ഷണവസ്തുക്കളുടെ വില കുതിച്ചുയരും. അത് മുന്നമെ ബാധിക്കുന്നത് ദരിദ്ര വിഭാഗത്തെയായിരിക്കും. ദരിദ്രരെ പരിപാലിക്കേണ്ട സഭ ഈ വിഷയം പഠിക്കുകയും സമൂഹത്തിൽ നീതിക്കുവേണ്ടി ഇടപെടുവാൻ തയ്യാറാവുകയും വേണം. പ്രത്യേകിച്ച് കേരളത്തിന്റെ സാമ്പത്തിക രംഗത്തെ പ്രതിസന്ധിക്ക് മുഖ്യകാരണം കാർഷിക രംഗത്തെ തളർച്ചയാണെന്നു മനസ്സിലാക്കി അതുപരിഹരിക്കാൻ സർക്കാർ ശ്രദ്ധിക്കാത്ത സാഹചര്യത്തിൽ അതിന് സർക്കാരിനെ പ്രേരിപ്പിക്കുന്നതിനുള്ള ഉത്തരവാദിത്തവും സഭ മറന്നുകൂടാ. അന്താരാഷ്ട്ര വിപണിയിൽ വില കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ റബ്ബർ ഉല്പന്നങ്ങൾക്കും മറ്റും ന്യായമായ വിലനിലനിർത്തണമെങ്കിൽ അവയുടെ ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ കണ്ടെത്തണം. ഇവിടെയും ഭരണകൂടം നിഷ്ക്രിയമാണ്. കൃഷി രംഗത്തെ പ്രതിസന്ധികൾ സർക്കാരിനെ ബോധ്യപ്പെടുത്തുന്നതിനും, സ്വന്തമായി പോംവഴികൾ നിർദ്ദേശിക്കുന്നതിനും ഈ രംഗത്ത് സജീവമായി ഇടപെടുന്നതിനും ശ്രമിക്കുക സഭയുടെ ദൗത്യപരമായ നിയോഗം കൂടിയാണെന്ന് ചിന്തിക്കണം.

സസ്നേഹം

നിങ്ങളുടെ
അത്താനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത

*പ്രതികരണം*

# ഒരു അനുവാചകന്റെ ആസ്വാദനക്കുറിപ്പ്

**എം. സൈമൺ**

ഡിസംബർ ലക്കം ബുള്ളറ്റിനിൽ വന്ന 'അനുഭവങ്ങൾ, വീക്ഷണങ്ങൾ, വിശദീകരണങ്ങൾ' എന്ന അഭി. തിരുമേനിയുടെ അഭിമുഖത്തിലെ നമ്മുടെ ആരാധനാരീതിയെയും ഭാഷാ പ്രയോഗങ്ങളെയും കുറിച്ചുള്ള വിലയിരുത്തലാണ് ഈ കുറിപ്പെഴുതുവാൻ പ്രേരിപ്പിച്ചത്. കാലഹരണപ്പെട്ട ഭാഷാ പ്രയോഗങ്ങളും ആരാധനാശൈലിയും തിരുത്തപ്പെട്ട് കാലാനുസൃതമായ പരിഷ്ക്കാരങ്ങൾ വരുത്തേണ്ടതാണെന്ന തിരുമേനിയുടെ വീക്ഷണം ആരാധനയെ വെറുംആചാരമായി കരുതാത്ത വിശ്വാസികൾക്കെല്ലാം പ്രതീക്ഷയുണർത്തുന്നതാണ്. വർഷങ്ങൾക്ക് മുമ്പ് 98 അവസാനം ബുള്ളറ്റിനിന്റെ മാനേജിംഗ് എഡിറ്റർ ശ്രീ. പി.ജെ. വറുഗീസ് സാർ, 'ആരാധന ഹൃദ്യമാക്കുക' എന്ന തലക്കെട്ടിൽ ഒരു എഡിറ്റോറിയൽ എഴുതിയിരുന്നത് ഓർക്കുന്നു. തിരുമേനി ഇവിടെ പരാമർശിച്ച 'പൂക്കുദ്യാന ദ്വാരങ്ങൾ' ഉൾപ്പെടെയുള്ള ഭാഷാ വൈകൃതങ്ങൾ എടുത്തു പറഞ്ഞ് അവ നമ്മുടെ ആരാധനയിൽ നിന്നൊഴിവാക്കി ഹൃദ്യവും സരളവുമായ രീതിയിൽ പരിവർത്തനപ്പെടുത്തി നമ്മുടെ ആരാധന കൂടുതൽ അർത്ഥപൂർണ്ണമാക്കാൻ സഭാനേതൃത്വം ശ്രദ്ധിക്കേണ്ടതാണെന്ന് അതിൽ അഭ്യർത്ഥിച്ചിരുന്നു. പക്ഷെ ഒന്നും സംഭവിച്ചില്ല. വിശ്വാസികളിന്നും ഭക്തിപാരവശ്യത്തോടെ 'കൂട്ടത്തലയായ്' പ്രാർത്ഥിക്കുന്നു. 'അങ്ങത്തട്ടു മരിക്കുന്നു.' ഈ ജനം അധരം കൊണ്ടെന്നെ ഭജിക്കുന്നു. എന്നാൽ അവരുടെ ഹൃദയം എന്നിൽ നിന്നു വളരെ അകലെയാണെന്ന കർത്താവിന്റെ ദുഃഖം ഇന്നും നമ്മൾ നിലനിർത്തുന്നു.

പ്രാർത്ഥനയെന്ന പേരിൽ അർത്ഥം അറിയാത്ത വാക്കുകൾ കൊണ്ടുള്ള കസർത്തിനെ ജൽപനങ്ങൾ എന്നാണ് പറയുക. പ്രാർത്ഥിക്കുമ്പോൾ നിങ്ങൾ ജാതികളെപ്പോലെ ജല്പനം ചെയ്യരുതെന്ന കല്പനയുടെ ലംഘനമാണത്. സഭയെയും സമൂഹത്തെയും ദൈവകൃപയായി ചേർത്തു കെട്ടുന്ന പൊൻചങ്ങലയാണ് ആരാധനയെന്നും ദൈവം കൈക്കൊൾകയും ഒരു അനുഗ്രഹരൂപമായി നമുക്ക് തിരികെ ലഭിയ്ക്കയും ചെയ്യേണ്ടതിന് തിരുമുമ്പിലാണ് നാം നിൽക്കുന്നതെന്ന ബോധത്തോടും ഹൃദയം നിറഞ്ഞ ഭക്തിയോടും കൂടിയാവണം നമ്മുടെ പ്രാർത്ഥനകൾ എന്ന പരി. പരുമല തിരുമേനിയുടെ വാക്കുകൾ നാം പ്രാർത്ഥനയ്ക്ക് ഒരുങ്ങുമ്പോൾ ഓർക്കുന്നത് നന്ന്. ആരാധനയെന്നാൽ ദൈവവുമായുള്ള സംസർഗ്ഗവും സംസാരവുമാണ്. ധ്യാനനിരതമായ ആരാധനയിലൂടെ ദൈവ സംസർഗ്ഗത്തിൽ കഴിയുമ്പോഴേ ആത്മനിർവൃതിയും ആന്തരീക സംതൃപ്തിയും ലഭിയ്ക്കുകയുള്ളൂ. അതുകൊണ്ടാണ് ആരാധന തുടങ്ങുമ്പോൾ ബോധങ്ങളും വിചാരങ്ങളും ദൈവമായ കർത്താവിങ്കൽ ആയിരിക്കണമെന്ന് ആഹ്വാനം ചെയ്യുന്നത്. അങ്ങനെ കർത്താവ് നമ്മുടെ മുൻപിൽ നിൽക്കുമ്പോൾ 'വിലാവ് തുറന്നാച്ചവളം' 'മൃതിയെമെതിച്ചു ഹനിച്ചോനെ' 'ആചാര്യത്വം നാനാസൃഷ്ടി വിഭാഗങ്ങൾക്കേകി' 'നയവാന്മാർ മുൻകൊമ്പിൻനാദം കേട്ട്' 'പൊരുന്നി ആവസിച്ച്' എന്നൊക്കെയുള്ള പ്രയോഗങ്ങൾ അവിടുന്ന് ആസ്വദിക്കുമെന്ന് ആർക്കു പറയാൻ കഴിയും. അതുപോലെ തിരുബലി അർപ്പണശേഷം 'സസ്യഭോജനത്തിൽ പരിചിതമായ ഞങ്ങളുടെ വായ്കളിൽ' എന്ന് പട്ടക്കാരനേക്കൊണ്ട് നുണ പറഞ്ഞ് പ്രാർത്ഥിക്കുന്നത് പരിശുദ്ധ ബലിപീഠത്തിനു തന്നെ കളങ്കം വരുത്തുന്നതല്ലേ?

വിശ്വാസികളുടെ ഏകാഗ്രത നഷ്ടപ്പെടുത്താത്ത വിധത്തിലായിരിക്കണം ആരാധനാക്രമങ്ങൾ എന്ന തിരുമേനിയുടെ വിശദീകരണം ഗൗരവപൂർവ്വം പരിഗണിക്കേണ്ടതാണ്. ഞായറാഴ്ച ആരാധനയിൽ ഭക്തിനിർഭരവും മർമ്മ പ്രധാനവുമായ കർമ്മമാണ് ദിവ്യബലി. പട്ടക്കാരൻ ഉന്നതപദവിയിൽ കയറുന്നതുമുതൽ ശരീരരക്തങ്ങൾ ആഘോഷമായി എഴുന്നള്ളിച്ച് വരുന്നതുവരെയാണ് വി. ബലിയർപ്പണമായി കണക്കാക്കുന്നത്. ആ സമയമത്രയും ഭംഗിയോടും ഭയത്തോടും വണക്കത്തോടും നല്ല ദൈവഭക്തിയോടും കൂടെ ആയിരിക്കണം നാം കുർബ്ബാനയിൽ ശ്രദ്ധിക്കേണ്ടതെന്ന ആഹ്വാനത്തിൽ നിന്നു തന്നെ അതിന്റെ മഹത്വം മനസ്സിലാക്കാം. എന്നാൽ ആ മഹനീയ നിമിഷങ്ങൾക്കിടയിൽ കുർബ്ബാനയിൽ നിന്നും ശ്രദ്ധ വ്യതിചലിപ്പിച്ചുകൊണ്ട് തുബ്ദേനുകൾ വായിക്കുന്നു. ഏകാഗ്രതിലായിരുന്ന ആരാധകരിൽ പലരും ആ സമയം സൗകര്യമായി ഇരിയ്ക്കാൻ വരാന്തയിലേക്കും മറ്റും ഇറങ്ങിപ്പോകുന്നതുകാണാം. അനുസ്മരണ പ്രാർത്ഥനകൾക്കു ശേഷം കുർബ്ബാനയുടെ ബാക്കി ഭാഗങ്ങൾക്കായി സഭ വീണ്ടും സജീവമാകുന്നു. പട്ടക്കാരൻ തിരശ്ശീലയ്ക്കുള്ളിൽ ഖണ്ഡിപ്പിന്റെ ശുശ്രൂഷ നടത്തുമ്പോൾ അവ ഭക്ഷിപ്പാൻ അടിയങ്ങളെ യോഗ്യരാക്കണമെന്ന് സ്വർഗ്ഗീയ സിംഹാസനത്തിനു മുമ്പിൽ നിന്നുകൊണ്ട് സഭ ഒന്നടങ്കം കരഞ്ഞ് മുട്ടിവിളിച്ച് പ്രാർത്ഥിക്കുന്നു. പ്രാർത്ഥനയുടെ നാദം കേട്ട് കർത്താവ് വാതിൽ തുറന്ന് പരിശുദ്ധാത്മാവിനെ അയച്ച് സഭയെ കുർബ്ബാനയാകുന്ന തീക്കട്ട ഭക്ഷി

പ്പാൻ യോഗ്യരാക്കുന്നു. അപ്പോഴാണ് മദ്ബഹയിൽ മണിനാദം മുഴക്കി തിരശ്ശീല നീക്കുന്നത്. ഇതിനു ശേഷം കാസായും പീലാസായും ഘോഷിച്ചു കൊണ്ടു വന്ന് കുർബ്ബാന നൽകിയിരുന്നുവെങ്കിൽ അത് സന്ദർഭോചിതമായേനെ. എന്നാൽ അതിനിടയ്ക്ക് തിരുകികയറ്റുന്ന ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കായി അതുവരെ ചിട്ടയോടും അച്ചടക്കത്തോടും നിന്നിരുന്ന വിശ്വാസികൾ മുമ്പോട്ട് കുതിക്കുന്നതും മെഴുകുതിരി വാങ്ങാൻ തിക്കിത്തിരക്കുന്നതും ഇത് പണമടച്ച് രസീതു വാങ്ങിയിട്ടുള്ളവരുടെ സ്വകാര്യ കർമ്മമാണെന്ന് ധാരണയാൽ പലരും സിഗരറ്റു പുകയ്ക്കാനും സൊറപറയാനും ദേവാലയത്തിൽ നിന്ന് പുറത്തേക്ക് പോകുന്നതുമായ കാഴ്ചകൾ പല പള്ളികളിലും കാണാം. ഇതെല്ലാം കണ്ടിട്ടും തികച്ചും നിസംഗത നടിക്കുന്ന സഭാനേതൃത്വം ഒരു പുനർചിന്തനത്തിന് തയ്യാറാകേണം.

ആരാധകർക്ക് അർത്ഥം ഉൾക്കൊള്ളാൻ കഴിയും വിധം ആരാധനാ ഗീതങ്ങൾ സരളമാക്കുക. മദ്ധ്യസ്ഥ പ്രാർത്ഥന, അനുസ്മരണ പ്രാർത്ഥനകൾ എന്നിവ കുർബ്ബാനക്ക് കയറുന്നതിന് മുമ്പ് അനുയോജ്യ സന്ദർഭങ്ങളിൽ ക്രമീകരിക്കുക. ഏവൻ ഗേല്യോൻ വായിച്ചുകഴിഞ്ഞാൽ ഉടൻ തന്നെ വചന വ്യാഖ്യാന പ്രസംഗം നടത്തുക. ഈ രീതിയിലുള്ള ഒരു പുനർക്രമീകരണം ആരാധനയെ കുറെക്കൂടെ ഹൃദ്യ വും ദിവ്യബലിയെ കൂടുതൽ ദിവ്യവും സ്വർഗ്ഗീയവും ആക്കും.

സഭയുടെ ആചാരാനുഷ്ഠാനങ്ങളിലെ ചെറിയ കാര്യങ്ങൾക്കു വരെ പഴയപാരമ്പര്യങ്ങളുടെ തടവറയിൽ കുടുങ്ങിക്കിടക്കുന്ന വിശ്വാസികളുടെ ചിന്തയെ തട്ടിയുണർത്താൻ ഉതകുന്ന ഈ വിഷയം അഭിമുഖത്തിൽ ഉൾപ്പെടുത്തിയ ബഹു. കാരാമ്മേലച്ചനും അവയെക്കുറിച്ച് വിവേകപൂർവ്വം സ്വന്തവീക്ഷണം വിശദമാക്കിയ അഭി. തിരുമേനിക്കും അഭിനന്ദനങ്ങൾ അർപ്പിക്കുന്നു.


**ഡയോസിഷൻ ബുക്ക് സെന്റർ**

**അരമന കോംപ്ലെക്സ്, മൂവാറ്റുപുഴ**

സഭാ സംബന്ധമായ എല്ലാ പ്രസിദ്ധീകരണങ്ങളും,
ആത്മീയ വേദശാസ്ത്ര ഗ്രന്ഥങ്ങളും,
ആരാധനയ്ക്കാവശ്യമായ മറ്റ് സാധനങ്ങളും
ഇവിടെ ലഭ്യമാണ്.

**ഗിലയാദ് മരിയൻ ധ്യാനകേന്ദ്രവും വയോഭവനവും**

**വടകര, കൂത്താട്ടുകുളം**

Ph: 9447417867, 9961636342


ജാഗരണ പ്രാർത്ഥന : എല്ലാ ആദ്യവെള്ളിയാഴ്ചയും 6 p.m. മുതൽ

വി. കുർബ്ബാന : ശനി 10. a.m., ഞായർ 7 a.m.

സൺഡേസ്കൂൾ : ഞായർ 8.30 a.m. മുതൽ 12 വരെ.

***വയോഭവനത്തിൽ സൗജന്യമായും അല്ലാതെയും*** (Free and Paid)
**പ്രവേശനം നൽകുന്നു**





*അഭിമുഖം*

# അനുഭവങ്ങൾ, വീക്ഷണങ്ങൾ, വിശദീകരണങ്ങൾ (തുടർച്ച)

**വിശ്വാസവും വേദശാസ്ത്രവും തമ്മിലുള്ള ബന്ധത്തെ ഓർത്തഡോക്സ് സഭ എങ്ങനെ കാണുന്നു?**

ഓർത്തഡോക്സ് സഭകൾ വേദശാസ്ത്രത്തിന് ഉപയോഗിക്കുന്ന പദം 'തെവോലോഗിയ' എന്നാണ്. 'ദൈവവചനം,' 'ദൈവജ്ഞാനം,' എന്നൊക്കെ ഇതിനർത്ഥമുണ്ട്. തെവോലോഗിയ വിശ്വാസം തന്നെയാണ്. അതുകൊണ്ട് വ്യത്യസ്ത ദൈവശാസ്ത്രങ്ങൾ ഉള്ള സഭകളുമായി അടുപ്പത്തിന് ഈ അടിസ്ഥാന സമീപനം വിഘാതമാകുന്നു. കാരണം വേദശാസ്ത്ര വ്യത്യാസം ഓർത്തഡോക്സ് സഭ വിശ്വാസവ്യത്യാസമായി പരിഗണിക്കുന്നു.

**കത്തോലിക്ക സഭയുടെ സമീപനവും ഇതുതന്നെയാണോ?**

കത്തോലിക്കസഭ വൈവിധ്യമാർന്ന വേദശാസ്ത്രങ്ങളെ ഉൾക്കൊള്ളുന്നു. അവിടെ അടിസ്ഥാന വിശ്വാസവും വേദശാസ്ത്രങ്ങളും വ്യത്യസ്തമായി കാണുന്നു. അതുകൊണ്ട് കിഴക്കൻ സഭകളിൽ നിന്ന് ഐക്യപ്പെട്ട ക്രൈസ്തവ സമൂഹങ്ങൾക്ക് അവരവരുടെ വേദശാസ്ത്രവും ആരാധനാ പാരമ്പര്യവും നിലനിർത്താൻ അവർ അനുവദിക്കുന്നു. സഭയ്ക്കുള്ളിൽ തന്നെ വ്യത്യസ്ത സഭകളും അവയുടെ വേദശാസ്ത്രങ്ങളും, ഉൾക്കൊള്ളുന്നതിന് കത്തോലിക്ക സഭയ്ക്ക് പ്രശ്നമില്ല. അതുകൊണ്ട് കത്തോലിക്ക സഭയ്ക്ക് പെന്തക്കോസ്ത് സഭകളുമായിപോലും അടിസ്ഥാന സഹകരണം സാദ്ധ്യമാകുന്നു. കഴിഞ്ഞയിടെ മാർപ്പാപ്പ റോമിലെ ഒരു ഫെയിത്ത് ഹോമിൽ പോയി അവരോടൊപ്പം പ്രാർത്ഥിച്ചു. പെന്തക്കോസ്ത് വിഭാഗത്തിൽ രൂപം കൊണ്ട 'റിവൈവൽ' പ്രവണതയും അതിന്റെ വേദശാസ്ത്രവും കത്തോലിക്കാസഭയിൽ ഉൾക്കൊള്ളാൻ സാധിച്ചതും അതുകൊണ്ടാണ്.

**ഓർത്തഡോക്സ് സഭകളുടെ നിലപാട് എക്യുമെനിക്കൽ കാലഘട്ടത്തിൽ പുന:പരിശോധിക്കേണ്ടതുണ്ടോ?**

വിവിധ സഭകൾ പ്രത്യേകമായ ചരിത്ര-വേദശാസ്ത്ര സാഹചര്യങ്ങളിൽ രൂപപ്പെട്ടവയാണ്. തീർച്ചയായും അധികാര തർക്കങ്ങൾ, ആശയപരമായ സംഘട്ടനങ്ങൾ, അസഹിഷ്ണുത എന്നിവയെല്ലാം ഇതിൽ നിർണ്ണായക സ്വാധീനം ചെലുത്തിയിരിക്കണം. ഉദാഹരണത്തിന് മലങ്കര സഭയിലെ ഇപ്പോഴത്തെ പിളർപ്പിന്റെ മൂലകാരണം അന്വേഷിച്ചാൽ അന്നത്തെ മലങ്കര മെത്രാപ്പോലീത്തായും അൽമായ-വൈദിക ട്രസ്റ്റിമാരും തമ്മിലുള്ള അധികാരത്തർക്കം വളർന്ന് പിളർപ്പിലെത്തിയതാണ് എന്നു കാണാം. പിന്നീട്, പിളർപ്പിന് വേദശാസ്ത്രപരവും ആശയപരവുമായ നിലപാടുകൾ സൃഷ്ടിക്കുകയായിരുന്നു. സ്വന്തം നിലപാടുകളുടെ സാധുകരണത്തിന് വേദശാസ്ത്രം സൃഷ്ടിക്കുക സഭാപിളർപ്പുകളിൽ സാധാരണമാണ്. ഓരോ സഭയ്ക്കും അതിന്റെ സ്വയമായ നിലനില്പിന് വേദശാസ്ത്ര സാധൂകരണം ആവശ്യമാണ്. ഇവ വൈവിധ്യമായി കണ്ടാൽ കുഴപ്പമില്ല. വിശ്വാസമായാൽ പ്രശ്നമാണ്.

**അടിസ്ഥാന വിശ്വാസവും വേദശാസ്ത്രവും തമ്മിൽ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നത് വിശദീകരിക്കാമോ?**

അടിസ്ഥാന വിശ്വാസം എന്നത് ക്രിസ്തുവിന്റെ ദൈവിക ആളത്തത്തിലും ക്രിസ്തു സംഭവം മനുഷ്യന്റെ വീണ്ടെടുപ്പിനുവേണ്ടിയുള്ള പദ്ധതി ആണ് എന്നതിലും ഉള്ള അനുഭവാധിഷ്ഠിതമായ പങ്കുചേരലാണ്. വേദശാസ്ത്രം എന്നത് അടിസ്ഥാന വിശ്വാസം വ്യത്യസ്ത കാലങ്ങളിലും സാഹചര്യങ്ങളിലും തിരുവെഴുത്തുകളുടെ അടിസ്ഥാനത്തിൽ നടക്കുന്ന വിശ്വസനീയമായ വ്യാഖ്യാനങ്ങളാണ്. ഉദാഹരണത്തിന് പുതിയ നിയമത്തിൽ തന്നെ വ്യത്യസ്തമായ വിവിധ വേദശാസ്ത്ര നിലപാടുകൾ കണ്ടെത്തുവാൻ സാധിക്കും. അതായത് വേദശാസ്ത്രങ്ങളുടെ വൈവിധ്യം ഭിന്നതകൾ നിലനിർത്തുന്നതിന് കാരണമല്ല. ഇക്കാര്യത്തിൽ ഓർത്തഡോക്സ് സഭകൾ കൂടുതൽ വിശാലമായി ചിന്തിക്കേണ്ടതാണ്. വേദശാസ്ത്ര വൈവിധ്യങ്ങൾ അനുപൂരകങ്ങളായി മനസ്സിലാക്കേണ്ടതാണ്.

**വിശ്വാസികൾ സഭ മാറുമ്പോൾ സഭാ നേതൃത്വം അസ്വസ്ഥമാകാറുണ്ട്. അതിനെക്കുറിച്ച് എന്താണ് പ്രതികരണം?**

സഭ ക്രിസ്തുവിന്റെയല്ലേ? മനുഷ്യർക്ക് ബോധ്യപ്പെടുന്നതനുസരിച്ച് സഭ മാറുന്നതിൽ നേതൃത്വത്തിലുള്ളവർ അസ്വസ്ഥരാകേണ്ടതില്ല. മന:സാക്ഷിയനുസരിച്ച് മതം മാറുന്നതിൽ തെറ്റുകാണാത്ത സഭ എന്തിന് വിശ്വാസികൾ സഭമാറുന്നതിൽ അസ്വസ്ഥരാകണം. ഇത് ഒരു ആത്മ വിമർശനത്തോടെ കാണേണ്ട കാര്യമാണ്. വ്യക്തികൾ അവരുടെ കാഴ്ചപ്പാടും സൗകര്യവുമനുസരിച്ച് സഭകൾ മാറട്ടെ. അതിന്റെ പേരിൽ സഭകൾ തമ്മിൽ അകൽച്ച ഉണ്ടാകേണ്ടതില്ല. സഭമാറി പരീക്ഷണം നടത്തുന്നത് നല്ലതാണ്. മാറ്റം ഗുണമില്ലെന്നു ബോധ്യപ്പെട്ടാൽ തിരികെപ്പോരുകയും ആകാമല്ലോ. മല

ങ്കര കത്തോലിക്ക സഭയിൽ ചേരു ന്നതിനെതിരെ പലരുടെയും വികാര പ്രകടനങ്ങൾ കാണാനിടയായിട്ടുണ്ട്. വിശ്വാസികൾ സഭ മാറുന്നത് തടയാൻ ശ്രമിക്കേണ്ടതില്ല. ഇത് എക്യുമനിസത്തിന് നല്ലതാണ് എന്നാണ് എന്റെ ചിന്ത.

**സഭാമാറ്റത്തെ എങ്ങനെയാണ് അങ്ങ് വിലയിരുത്തുന്നത്?**

അടിസ്ഥാന വിശ്വാസ പാരമ്പര്യമുള്ള ഏതുസഭയും കർത്താവിന്റേതാണ് എന്ന് വിശ്വസിക്കാൻ കഴിയാത്തതാണ് പ്രശ്നം. ഏതു സഭയിൽ ചേർന്നാലും രക്ഷയുണ്ടെങ്കിൽ പിന്നെ ഒരു സഭയിൽ ആരേയും ഉറപ്പിക്കാൻ ശ്രമിക്കേണ്ട കാര്യമില്ലല്ലോ. സഭയോടുള്ള വൈകാരിക ബന്ധം, സ്വാർത്ഥത, സഭയെപ്പറ്റിയുള്ള ധാരണപിശക് ഇവയെല്ലാം അസഹിഷ്ണുതയുടെ പിൻപിലുണ്ടെന്ന് ചിന്തിക്കാം. മറ്റൊരു സഭാസമൂഹത്തിൽ വിശ്വാസാനുഭവം കൂടുതൽ ലഭിക്കുന്നു എന്ന് ഒരു വിശ്വാസിക്ക് തോന്നുന്നു എങ്കിൽ അപ്രകാരം ചെയ്യട്ടെ. എന്തുകൊണ്ട് വ്യക്തികൾ സ്വന്തം സഭ വിടുന്നു എന്നത് കാണുമ്പോൾ സ്വയം തിരുത്തലുകൾക്ക് തയ്യാറാവുകയാണ് വേണ്ടത്.

